കേരള സർക്കാർ

# എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി.6)2203/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി :24.12.2016

ജോയിന്റ് ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടയ്ക്കാട്ടുവയൽ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ഇകെഎം(പി.6)2203/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ :doekm.ksad@kerala.gov.in
തീയതി :24.12.2016

## എറണാകുളം ജില്ലയിലെ എടയ്ക്കാട്ടുവയൽ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

.

എറണാകുളം ജില്ലയിലെ എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13.10.2015 മുതൽ 31.03.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഡി. സുരേഷ് രാജു,ഡെപ്യൂട്ടിഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.12.2016 മുതൽ 21.12.2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ.അജിതൻ ടി.എൻ. | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീ.പ്രസൂൺ പി.ജെ.. | സീനീയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.ബബിത ബി. കുമാർ | സീനീയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.വിജു എം.എസ് | സീനീയർ ഗ്രേഡ് ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.ആർ.ജയകുമാർ | 1.4.2015 | 30.11.2015 |

| | | | |
|---|---|---|---|
| | ശ്രീമതി ജെസ്സി പീറ്റർ | 1.12.2015 | 31.3.2016 |
| വൈസ് പ്രസിഡന്റ് | ശ്രീമതി.സാലി പീറ്റർ | 1.4.2015 | 30.11.2015 |
| | ശ്രീഎം.സി.സജികുമാർ | 1.12.2015 | 31.3.2016 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |
| വികസന കാര്യം | ശ്രീ.ബിജു തോമസ് | 1.4..2015 | 30.11.2015 |
| | ശ്രീമതി.സാലി പീറ്റർ | 1.12.2015 | 31.3.2016 |
| ക്ഷേമകാര്യം | ശ്രീമതി.റീജ ജോർജ് | 1.4..2015 | 30.11.2015 |
| | ജെയിൻ കെ പുന്നൂസ് | 1.12.2015 | 31.3.2016 |
| വിദ്യാഭ്യാസം & ആരോഗ്യ കാര്യം | ശ്രീ.എം.സി.സജികുമാർ | 1.4..2015 | 30.11.2015 |
| | ശ്രീമതി ജൂലിയ ജെയിംസ് | 1.12.2015 | 31.3.2016 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ.ഓംപ്രകാശ് കെ.ആർ. | 1.4.2015 | 31.3.2016 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സപ്ന | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.രാജേഷ് | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (പി..എച്ച്.സി)തൊട്ടൂർ | ഡോ.സായീഷ് ചന്ദ്രൻ | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (പി..എച്ച്.സി) ആരക്കുന്നം | ഡോ.സാവിത്രി എൽ.കെ. | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ശാന്താറാം കെ.ആർ. | 1.4.2015 | 31.3.2016 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.അരുന്ധതി | 1.4.2015 | 31.3.2016 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , എടയ്ക്കാട്ടുവയൽ | ശ്രീമതി രാജേശ്വരി സി. | 1.4.2015 | 31.3.2016 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വെളിയനാട് | ശ്രീമതി അനില പി. | 1.4.2015 | 31.3.2016 |
| ഹെഡ് മിസ്ട്രസ്/ GUPS, വെളിയനാട് | ശ്രീമതി ലിസ്സിക്കുട്ടി ഫിലിപ്പ് | 1.4.2015 | 31.3.2016 |
| വെറ്ററിനറി സർജൻ | ഡോ.രജിത പിള്ള | 1.4.2015 | 31.3.2016 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.പ്രദീപ് പി. | 1.4.2015 | 31.3.2016 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.മനോജ് കുമാർ എം | 1.4.2015 | 31.3.2016 |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |

| | | | |
|---|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 1 | തൊഴിൽനികുതി -അപാകതകൾ | 2-1 | |
| | ഭാഗം 3 | | |
| 1 | വടംവലി മത്സരത്തിന് സാമ്പത്തിക സഹായം നല്കി | 3-1 | |
| 2 | ആദായ നികുതി ഈടാക്കിയില്ല | 3-2 | |
| 3 | നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സേവനങ്ങൾക്ക് സേവന നികുതി നൽകി | 3-3 | |
| 4 | സർക്കാർ അനുമതി ഇല്ലാതെ പ്രോജക്റ്റ് നടപ്പിലാക്കി. | 3-4 | |
| 5 | ഫർണ്ണിച്ചർ വാങ്ങൽ - പ്രോജക്ടിലെ അപാകതകൾ | 3-5 | |
| 6 | ബിറ്റുമിന്റെ ബിൽ സൂക്ഷിക്കുന്നില്ല | 3-6 | |
| 7 | പ്രൊജക്റ്റ് നടപ്പിലാക്കിയതിലെ അപാകതകൾ | 3-7 | |
| 8 | മരാമത്ത് പ്രവൃത്തികൾ കൈകാര്യം ചെയ്യുന്നതിന് മതിയായ ജീവനക്കാരില്ല | 3-8 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 1 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 | |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 6 | ഓഡിറ്റ് റിക്കവറി | 4-6 | |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |

| | | | |
|---|---|---|---|
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16 | അനുബന്ധം.1 | |
| | ബാലൻസ് ഷീറ്റ് 2015-16 | അനുബന്ധം.2 | |
| | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.3 | |
| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.4 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.02.2015 ലെ തീരുമാനം ഒന്ന് പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവുകളുടേയും യഥാർത്ഥ വരവുചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 126805516 | 127687657 |
| വാർഷിക കണക്കുകൾ പ്രകാരം | 40770382 | 51506824 |
| വ്യത്യാസം | 86035134 | 76180833 |

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം - / (+) |
|---|---|---|---|
| വസ്തു നികുതി | 2400000 | 2331563 | - 68437 |
| തൊഴിൽ നികുതി | 1800000 | 1006760 | - 793240 |
| പരസ്യനികുതി | 25000 | 500 | 24500 |
| വിനോദ നികുതി (പ്രദർശന നികുതി) | - | - | - |
| സേവന നികുതി | - | - | - |
| വാടക | 243100 | 163452 | - 79648 |
| ഡി.& ഒ.ലൈസൻസ് ഫീസ് | 100100 | 72800 | - 27300 |
| പെർമിറ്റ് ഫീസ് | 341000 | 79936 | - 261064 |
| ലേലങ്ങൾ | 114400 | 156704 | 42304 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ അന്തരമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ മുൻവർഷങ്ങളിലെ കണക്കുകളുമായി താരതമ്യം ചെയ്ത് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റിലെ തുകകളും യഥാർത്ഥ ഡിമാന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല. തൊഴിൽ നികുതിയിനത്തിൽ 793240/- രൂപയുടേയും, പെർമിറ്റ് ഫീസിനത്തിൽ 261064/- രൂപയുടേയും ഡിമാന്റിൽ വ്യത്യാസമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ യഥാർത്ഥ ഡിമാന്റും കൂടി പരിഗണിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31.7.2016 | 4.7.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

വാർഷിക ധനകാര്യപത്രികയിൽ അപാകതകളൊന്നുമില്ല

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13579031 |
| വരവ് | 40770382 |
| ആകെ | 54349413 |
| ചെലവ് | 51506824 |
| നീക്കിയിരിപ്പ് | 2842589 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്ന വസ്തു നികുതിയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വസ്തു നികുതി | 1724152 |
| തൊഴിൽ നികുതി | 2500 |
| വാടക | 991 |

പഞ്ചായത്തിന് ലഭിക്കാനുള്ള നികുതി തുകകൾ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

0

| ബാക്കി | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1706163 | 6161988 | 11166882 | 8248163 | 3298731 | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 366640 | 3578724 | 3945364 | 3486749 | 0 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 2586758 | 15837000 | 18423758 | 18312079 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1300043 | 1886000 | 3186043 | 3130786 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 723711 | 2536329 | 3260040 | 1626309 | 1633731 | 0 |
| ലോക ബാങ്ക് സഹായം | 2037308 | 0 | 2037308 | 372308 | 1665000 | 0 |
| ബി ഫണ്ട് | 0 | 24849030 | 24849030 | 24849030 | | 0 |
| എം.എൻ.ആർ. ഇ.ജി.എസ് | 1 | 13150520 | 13150521 | 13130646 | 0 | 19874 |

(*)ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുകയാണ് വരവാണ് എടുത്തിട്ടുള്ളത്. എം.എൻ.ആർ.ഇ.ജി.എസ്., ബി. ഫണ്ട് തുകകളിൽ ഇ.എഫ്.എം.എസ് വഴി ട്രാൻസ്ഫർ ചെയ്ത തുകകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | ഫണ്ടിനം | വകയിരു ത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 8248163 | 8248163 | 100 |
| 2 | വികസന ഫണ്ട്(എസ്.സി.പി) | 3784640 | 3486749 | 92.13 |
| 3 | വികസന ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 |
| 4 | സംരക്ഷണ ഗ്രാന്റ് (റോഡ്) | 18423758 | 18312079 | 99.39 |
| 5 | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3186043 | 3130786 | 98.27 |
| 6 | ലോക ബാങ്ക് സഹായം | 2037308 | 2037308 | 100 |
| 7 | തനത് ഫണ്ട് | 929531 | 775848 | 83.47 |
| 8 | കേന്ദ്രാവിഷ്കൃത ഫണ്ട് | 40307929 | 573547 | 44.98 |
| 9 | ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് | 1275000 | 541500 | 42.47 |
| 10 | ജില്ല പഞ്ചായത്ത്ഫണ്ട് | 80620 | 5620 | 6.97 |
| 11 | സംസ്ഥാനാവിഷ്കൃത ഫണ്ട് | 10120224 | 1103138 | 10.90 |
| 12 | മറ്റുള്ളവ | 6814750 | 505300 | 7.41 |

വകയിരുത്തിയ സംസ്ഥാനാവിഷ്കൃത ഫണ്ടിൽ 10.90 ശതമാനവും, മറ്റുള്ളവയിൽ 7.41ശതമാനവും മാത്രമാണ് ചെലവഴിക്കുവാൻ കഴിഞ്ഞത്. വകയിരുത്തുന്ന മുഴുവൻ തുകയും ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ട താണ്.

ചെലവഴിക്കാതെ പോയ തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഫണ്ട് | ചെലവഴിക്കാതെ പോയ തുക |
|---|---|
| വികസന ഫണ്ട് (ജനറൽ) | 2918719 |
| വികസന ഫണ്ട്(എസ്.സി.പി) | 458615 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 111679 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 55257 |
| ആകെ | 3544270 |

അനുവദിച്ച കിട്ടിയ മുഴുവൻ തുകകളും കൃത്യമായി ചെലവഴിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ തയ്യാറാക്കി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ ഭാവിയിൽ സ്വീകരിക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. എണ്ണം | പദ്ധതി ചെലവ് | ഭാഗികമായിനടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 179 | 98468006 | 165 | 41980078 | 2 | 12 | 92.17 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രൊജക്ടുകളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 17 | 16 | 11223635 | 3526440 | 31.42 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 109 | 99 | 71067459 | 30100418 | 42.35 |
| കൃഷി ഓഫീസർ | 6 | 6 | 1910850 | 960850 | 100 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 4 | 4 | 615693 | 615693 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 4 | 4 | 500000 | 500000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 194200 | 194200 | 100 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 7 | 3024500 | 2161038 | 71.45 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19 | 16 | 9070250 | 3060020 | 33.74 |
| ഹെഡ് മാസ്റ്റർ, GUPS | 3 | 3 | 289950 | 289950 | 100 |
| വെറ്റിനറി സർജൻ | 7 | 7 | 344469 | 344469 | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 227000 | 227000 | 100 |
| ആകെ | 179 | 165 | 98468006 | 41980078 | 42.63 |

പ്രൊജക്ടുകൾ ഏറ്റെടുത്തതിൽ 92.18% നടപ്പിലാക്കുവാൻ കഴിഞ്ഞുവെങ്കിലും അടങ്കൽ തുകയുമായി പരിശോധിക്കുമ്പോൾ 5,64,87,928/- രൂപ ചെലവഴിക്കാൻ കഴിയാതെ പോയി. നടപ്പിലാക്കുവാൻ കഴിയാതെ പോയ പ്രൊജക്ടുകളിൽ അറവുശാല നിർമ്മാണം (അടങ്കൽ -1010000/-രൂപ), കാർഷിക വിപണി നിർമ്മാണം (അടങ്കൽ -95,00,000/-രൂപ), കുടുബശ്രീക്ക് ബസ് വാങ്ങുന്നതിന്(അടങ്കൽ -15,00,000/- രൂപ) , എം.എൻ. ലക്ഷംവീട് (അടങ്കൽ -28,00,000/- രൂപ) എന്നിവയും ഉൾപ്പെടുന്നു.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 29.28 ശതമാനം കുറവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3558270 | 2539078 | - 1019192 | - 28.64 |
| നികുതിയേതര വരവുകൾ | 529896 | 568468 | 38572 | 7.28 |
| മറ്റുവരവുകൾ + പലിശ | 389906 | 59255 | - 330651 | - 84.80 |
| ആകെ | 4478072 | 3166801 | -1311271 | - 29.28 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 174360 | 115 |
| കർഷകതൊഴിലാളി പെൻഷൻ | 6341310 | 715 |
| വിധവാപെൻഷൻ | 4908200 | 456 |
| വാർദ്ധക്യകാല പെൻഷൻ | 11048100 | 1225 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1841980 | 185 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 520080 | 48 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.12.2016 ന് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23945/- രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

സാംഖ്യ ചെലവ് വൗച്ചറുകൾ - പഞ്ചായത്തിൽ വൗച്ചറുകൾ TR-61 ഫോമിലാണ് സൂക്ഷിച്ചിട്ടുള്ളത്. സാംഖ്യയിൽ നിന്നുള്ള ചെലവ് വൗച്ചറുകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.12.2016 | 1.11.2016മുതൽ 30.11.2016വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4.5.2015മുതൽ 18.5.2015വരെ | 2010-11 മുതൽ 2014-15 വരെ | 22.9.2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽനികുതി -അപാകതകൾ

തൊഴിൽ നികുതിപിരിവിലെ അപാകതകൾ താഴെ കൊടുക്കുന്നു.

എ) വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1. ശ്രീജിത്ത്ചന്ദ്രൻ

2. എൻ.ശശീന്ദ്രൻ

3.സാം ജോസഫ്

4.കെ.കെ.വർഗീസ്

5.സി.വി.മാർക്കോസ്

6.അലക്സ്.പി.വർഗീസ്

7.അശോക് കുമാർ.കെ.കെ

8.മനോജ് കുമാർ.എം.ആർ

9.എം.എൻ.പ്രഭാകരൻ

10.പി.എസ്.പൗലോസ്

11.പി.ടി.ജോർജ്

12.വി.പി.തങ്കച്ചൻ

ബി) റെയിൽവേ ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. (രണ്ടാം അർദ്ധവർഷത്തിൽ 17550/- രൂപ 19 ജീവനക്കാരിൽ നിന്നും ഈടാക്കിയിട്ടുണ്ട്).

സി)പഞ്ചായത്ത് വാഹനത്തിന്റെ ഡ്രൈവർ ശ്രീ ബിനോയ് ജോസഫിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ തൊഴിൽ നികുതി പിഴപലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വടംവലി മത്സരത്തിന് സാമ്പത്തിക സഹായം നല്കി

പഞ്ചായത്തിലെ വട്ടപ്പാറയിൽ പ്രവർത്തിക്കുന്ന സെവൻസ്റ്റാർ ക്ലബ് 6.12.'15 ന് നടത്തേണ്ട അഖിലകേരള വടംവലി മത്സരത്തിന് സാമ്പത്തിക സഹായത്തിന് അപേക്ഷിച്ചു. പഞ്ചായത്ത് കമ്മറ്റിയുടെ 20.9.'15 ലെ തീരുമാന പ്രകാരം 15,000/- നൽകി. ഈ തീരുമാനത്തിന് സെക്രട്ടറിയുടെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് ക്ലബ് സെക്രട്ടറിക്ക് 15,000/- രൂപയുടെ ചെക്ക് നൽകി. (വൗച്ചർ നം. 21500641, 16.12.'15 ചെക്ക് നം.6980, 17.12.'15 ). പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെടാത്ത ഈയിനം ചെലവിന് (മത്സരത്തിന് സ്പോണർഷിപ്പായി) പഞ്ചായത്ത് ഫണ്ടിൽനിന്നും തുക അനുവദിച്ചത് ശരിയായ നടപടിയല്ല. ഇതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ യുവജനങ്ങൾക്കുള്ള പ്രോത്സാഹനമെന്ന നിലയിലാണ് ധന സഹായം നൽകിയതെന്നറിയിച്ചിട്ടുണ്ട്. അനിവാര്യ ചുമതലകളിൽ ഉൾപ്പെടാത്ത ചെലവ് തുകയായ 15,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-2 ആദായ നികുതി ഈടാക്കിയില്ല

2015-16 വർഷത്തിൽ നടപ്പാക്കിയ വഴിവിളക്ക് നവീകരണം പ്രോജക്ട് (പ്രോജക്ട്നം.S0124/16) എൽടെക്ക്, മുളന്തുരുത്തിക്കുവേണ്ടി ശ്രീ.ഇ.വൈ. ഏലിയാസാണ് കരാറെടുത്ത് നടപ്പിലാക്കിയത്. (തീരുമാനം നം. 2(5) തീ. 4/8/15.) തൻവർഷം 215329/- ഈ ഇനത്തിൽ നൽകി. ആദായനികുതി നിയമം, വകുപ്പ് 194(c) പ്രകാരം 2% ആദായനികുതി (ടി.ഡി.എസ്.) ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഇവരിൽ നിന്നും തുകയൊന്നും ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ പറയുന്നു.

| വൗച്ചർ നം. | തുക | കിഴിവു നടത്തേണ്ട തുക 2 % |
|---|---|---|
| 21500985/ 19-3-16 | 116450 | 2329 |
| 21501028/ 30-3-16 | 98879 | 1977 |
| ആകെ | 215329 | 4306 |

ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെ ന്നറിയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിനുണ്ടായ നഷ്ടം, 4306/- രൂപ, സ്ഥാപനത്തിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-3 നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സേവനങ്ങൾക്ക് സേവന നികുതി നൽകി

പൊതുശ്മശാനത്തിലേക്ക് വൈദ്യുതി ലൈൻ വലിക്കുന്നതിനായി കെഎസ്.ഇ.ബി.ക്ക് നൽകിയ ഡെപ്പോസിറ്റ് തുകയിൽ ലേബർ ചാർജ്ജിന് 14.42% സേവന നികുതി നൽകിയതായി കാണുന്നു. കേന്ദ്ര ധനകാര്യ നിയമം 1994 വകുപ്പ് 66D (k),1-7-12ലെ വിജ്ഞാപന പ്രകാരം വൈദ്യുതി

വിതരണം നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതാണ് . ആയതിനാൽ സേവന നികുതി നൽകേണ്ടതില്ല. വിശദാംശങ്ങൾ താഴെ പറയുന്നു.

| പ്രോജക്ട് നം. | നിർവ്വഹണോദ്യോഗസ്ഥൻ | ഡെപ്പോസിറ്റ് നല്കിയതുക | ലേബർ തുക | നല്കിയ സർവ്വീസ് ചാർജ്ജ് (14.42%) | ഡി.ഡി.നം., തീയതി. |
|---|---|---|---|---|---|
| 213/16 | സെക്രട്ടറി | 168871 | 27059 | 3901 | 382129 തീ. 3/8/2015 |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മേൽതുക കെ.എസ്.ഇ.ബി.യിൽ നിന്നു തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. സേവന നികുതിയിനത്തിൽ നൽകിയ തുകയുടെ ചെലവ് തുകയായ 3901/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

# 3-4 സർക്കാർ അനുമതി ഇല്ലാതെ പ്രോജക്ട് നടപ്പിലാക്കി.

01.01.2016ലെ ത.സ്വ.ഭ.വകുപ്പിന്റെ ജി.ഒ.(എം.എസ് )നം.4/2016 പ്രകാരമുള്ള പന്ത്രണ്ടാം പദ്ധതി മാർഗ്ഗ രേഖയിൽ അദ്ധ്യാപക പരിശീലനങ്ങൾ, മറ്റ് പഠനസാമഗ്രികൾ തയ്യാറാക്കൽ എന്നിവ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ വരുന്നതാകയാൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് മുൻപ് സർക്കാർ അനുമതി വാങ്ങണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ താഴെ ചേർത്തിരിക്കുന്ന പ്രോജക്ടിന് സർക്കാർ അനുമതി വാങ്ങിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നം,പേര് | S0107/2016, അദ്ധ്യാപക ശില്പശാല, പഠനോപകരണ നിർമ്മാണം |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മിസ്ട്രസ്, പി.എൽ.പി.എസ്, എടക്കാട്ടുവയൽ |
| അടങ്കൽ, ഫണ്ട് | 4,00,000/-, വികസനഫണ്ട് |
| ചെക്ക് നം ,തീയതി, തുക | /29.03.2016 =363000, 359404/ 29.03.2016 =37000359403<br>total = 400000/- |
| ബിൽ നം ,തീയതി | 3/2015-16 , 29.03.2016 |

മേൽ സൂചിത പ്രോജക്ടിന് സർക്കാർ അനുമതിയില്ലാതെ നടപ്പിലാക്കിയതിന് വിശദീകരണം നല്കേണ്ട താണ്. ചെലവ് തുക 4,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-5 ഫർണ്ണിച്ചർ വാങ്ങൽ - പ്രോജക്ടിലെ അപാകതകൾ

പി.എൽ.പി.എസ്.ഉപകരണങ്ങൾ,ഫർണ്ണിച്ചർ വാങ്ങൽ പ്രോജക്ടിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | പി.എൽ.പി.എസ്.ഉപകരണങ്ങൾ, ഫർണ്ണിച്ചർ വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ്. പി.എൽ.പി.എസ് എടക്കാട്ടുവയൽ |
| അടങ്കൽ, ഫണ്ട് | വികസനഫണ്ട് |

| | |
|---|---|
| ഡി.ഡി.നം, തീയതി,തുക | 359365/ 29.03.2016 = 99,950/- |

| ക്രമനം | വാങ്ങിയ ഫർണിച്ചറിന്റെ വിവരം | ടാക്സ് ഉൾപ്പെടെയുള്ള നിരക്ക് | എണ്ണം | തുക |
|---|---|---|---|---|
| 1 | സ്റ്റീൽ അലമാര | 10200 | 2 | 20400 |
| 2 | ടേബിൾ വുഡ് | 8100 | 2 | 16200 |
| 3 | പ്ലാസ്റ്റിക്ക് കസേര | 450 | 11 | 4950 |
| 4 | ഡെസ്ക്ക് (മരം) | 5600 | 7 | 39200 |
| 5 | ബെഞ്ച് (മരം) | 3200 | 6 | 19200 |
| ആകെ = 99,950/- | | | | |

<u>അപാകതകൾ</u>

1) പ്രസ്തുത ഉപകരണങ്ങൾ നിർമ്മിച്ചിട്ടുള്ളത് ഏത് മരമുപയോഗിച്ചാണെന്ന് വ്യക്തമല്ല.

2) സ്റ്റീൽ അലമാരയുടെ ഗേജ് രേഖപ്പെടുത്തിയിട്ടില്ല.

3) വാങ്ങിയ ഫർണിച്ചറിന്റെ നീളവും, വീതിയും ഫയലിൽ നിന്നും ലഭ്യമല്ല.

4) ക്വട്ടേഷൻ നടപടികൾ പൂർത്തികരിച്ചതിന്റെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

5) 14.03.2016 ലെ ജി.ഒ (ആർ.ടി )15/2016, എസ്.പി.ഡി. പ്രകാരം ഫോറസ്റ്റ് ഇൻഡസ്ട്രീസ് ആലുവായിൽ നിന്നും, 30.01.2016 ലെ ജി.ഒ (ആർ.ടി) 06/2016 എസ്.പി.ഡി ,17.11.2015 ലെ ജി.ഒ (ആർ.ടി) 63/2015 എസ്.പി.ഡി എന്നിവ പ്രകാരം ആഞ്ഞിലിയിലോ, തേക്കിലോ നിർമ്മിച്ച മരഫർണ്ണിച്ചർ, സ്റ്റീൽ ഫർണ്ണിച്ചർ എന്നിവ സർക്കാർ നിശ്ചയിച്ച വിലയിൽ കാഡ്കോയിൽ നിന്നും വാങ്ങാമെന്നിരിക്കെ പ്രസ്തുത സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയതിനും വിശദീകരണം നൽകേണ്ടതാണ്.

## 3-6 <u>ബിറ്റുമിന്റെ ബിൽ സൂക്ഷിക്കുന്നില്ല</u>

റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഡി.എസ്.ആർ പ്രകാരമുള്ള ബിറ്റുമിൻ VG-10 ,VG - 30 എന്നിവയുടെ വിലയാണ് (₹ 50600 / 41000 / ടൺ ) എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. ബിറ്റുമിന്റെ ബിൽ കരാറുകാർ ഹാജരാക്കിയിട്ടില്ല. മാർക്കറ്റിൽ വിവിധ തരത്തിലുള്ള ബിറ്റുമിൻ ലഭ്യമായിരിക്കെ കരാറുകാർക്ക് ഉയർന്ന നിരക്ക് നൽകിയപ്പോൾ ഉപയോഗിച്ച ബിറ്റുമിന്റെ ബിൽ കരാറുകാരിൽ നിന്നും വാങ്ങി സൂക്ഷിക്കണ മായിരുന്നു. ആയത് ചെയ്തിട്ടില്ല. മേൽ നിലവാരത്തിലുള്ള ബിറ്റുമിനാണ് പ്രവൃത്തികളിൽ ഉപയോഗിച്ചതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ഇക്കാര്യം വിശദീകരിക്കേണ്ടതാണ്.

## 3-7 <u>പ്രൊജക്റ്റ് നടപ്പിലാക്കിയതിലെ അപാകതകൾ</u>

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതകൾ.

1) റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ 2 പ്രവൃത്തികളിൽ ടാറിംഗ് ഉൾപ്പെടുത്താതെ മെറ്റലിംഗ് / സോളിംഗ് മാത്രം ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഉദാ:-പ്രൊജക്ട് നം. S0254/16, S0253/16. പൂർണ്ണമായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കാത്തതു മൂലം പ്രവൃത്തിയുടെ യഥാർത്ഥ ഗുണഫലം അതിന്റെ ഗുണഭോക്താക്കൾക്ക് ലഭിക്കാതെ വരുന്നു. പ്രൊജക്ട് തയ്യാറാക്കുമ്പോൾ മുഴുവൻ ഇനങ്ങളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊജക്ടിന്റെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കേണ്ടതാണ്.

## 3-8 മരാമത്ത് പ്രവൃത്തികൾ കൈകാര്യം ചെയ്യുന്നതിന് മതിയായ ജീവനക്കാരില്ല

അസിസ്റ്റന്റ് എഞ്ചിനീയർ 2015-16 വർഷത്തിൽ ആകെ 99 പ്രൊജക്ടാണ് നടപ്പിലാക്കിയത് (വകയിരുത്തിയത് 109 എണ്ണം). 109 പ്രൊജക്ടുകളിലായി 71067459/- രൂപ വകയിരുത്തിയെങ്കിലും 99 പ്രൊജക്ടുകളിലായി 4,19,80,078 രൂപയുടെ ചെലവാണ് അസിസ്റ്റന്റ് എഞ്ചിനീയർ നടത്തിയത്. ഇത്രയും ചെലവ് തുക കൈകാര്യം ചെയ്യുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ ഏറ്റെടുക്കുന്ന മുഴുവൻ പ്രൊജക്ടുകളും നടപ്പിലാക്കാൻ കഴിയാതെ വരുന്നു. നിലവിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയറും ഒരു ഓവർസീയറുമായി ആകെ രണ്ടു ജീവനക്കാർ മാത്രമാണുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർക്ക് മറ്റൊരു പഞ്ചായത്തിന്റെ അധിക ചുമതല കൂടിയുണ്ട്. ഇപ്രകാരം അധിക ജോലി കാരണം പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല. 2015-16 വർഷത്തിൽ 59.07% ചെലവ് മാത്രമാണ് നടത്താൻ കഴിഞ്ഞത്. ഏറ്റെടുക്കുന്ന മുഴുവൻ പ്രൊജക്ടുകളും നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 500000 | പകൽവീട് | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 41500 | വിഭിന്ന ശേഷി യുള്ളവർക്ക് സ്കോളർഷിപ്പ് | 41500 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നമ്പർ/ ചെക്ക് നം. ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | പൊതുശ്മശാനത്തിലേക്ക് വൈദ്യുതി ലൈൻ നീട്ടൽ | 382129/ 3.8.2015 | 168871 | 168871 | 0 |
| KSEB | വിവിധ സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ | | 33850 | 33850 | 0 |
| KWA | ഞർക്കല കുന്ന് രാജീവ് ഗാന്ധി കോളനി- ചൂര ക്കുഴി നടയ്ക്കകം കുടി വെള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 359786/ 31.3.2016 (400000) 359779/ 31.3.2016 (150000) | 550000 | 550000 | 0 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ്

2015-16 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ലഭിച്ച/തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽതിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്.ഭവന നിർമ്മാണം | സ.ഉ.നം. 781 /2010/ ത.സ്വ. ഭവ./8.3.2010 | 2000000 + 499654 | 653501 + 499654 | 638073 | 0 | 515082 |

വായ്പയിനത്തിൽ 499654/- രൂപ 2015-16 വർഷത്തിൽ ലഭിച്ച തുകയാണ്.

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 50207/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ / സ്ഥാപനത്തിന്റെ പേര് | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2012-13 ,2013-14 | 2-2(ബി) | 695 | സോമൻ പുലരിക്കുഴി | 11503100373/ 5.5.2015 |
| | 2-2(ബി) | 2390 | സരിത കാരിയ്ക്ക ത്തടത്തിൽ | 11503100375/ 5.5.2015 |
| | 2-2(ബി) | 333 | പ്രദീപ് കയ്യാല പറമ്പിൽ | 11503100372/ 5.5.2015 |
| | 3-10 | 20000 | സുരേഷ് കുമാർ , വി.ഇ.ഒ. | 11503100312 / 22.5.2015 |
| | 3-2-8, 3-5 | 1290, 2000 | രേഖ കെ.ആർ , | 11503100578/ 27.5.2015 |
| | 3-5 | 1333 | കവിത രാജീവ് | 11503100578/ 27.5.2015 |
| | 3-5 | 1666 | അഞ്ജു അബ്രഹാം | 11503100577/ 27.5.2015 |
| | 3-5 | 1246 | അംബിക എൻ.എ. | 11503100627/ 4.6.2015 |
| | 3-5 | 2666 | ജയന്തി കെ.എസ്. | 11503100628/ 4.6.2015 |
| | 3-9 | 1542 | അരുന്ധതി കെ.ബി.,ICDS സൂപ്പർവൈസർ | 11503101235/ 19.8.2015 |
| | 3-9 | 1542 | ലിസ്സി സണ്ണി ,മെമ്പർ | 11503101587 / 5.10.2015 |
| | 3-9 | 1542 | കെ.ആർ.ജയകുമാർ, പ്രസിഡന്റ് | 11503101589 / 5.10.2015 |
| | 3-9 | 1542 | ഗോപി വി.എൻ., മെമ്പർ | 1150310588 / 5.10.2015 |
| | 3-9 | 1542 | റീജ ജോർജ്, മെമ്പർ | 11503101731 / 13.10.2015 |
| | 3-9 | 1542 | ബിജു തോമാസ്, മെമ്പർ | 11503101732 / 13.10.2015 |
| | 3-9 | 1542 | സാലി പീറ്റർ, മെമ്പർ | 11503101733 / 13.10.2015 |
| | 3-9 | 1542 | ജൂലിയ ജെയിംസ്, മെമ്പർ | 11503101734 / 13.10.2015 |
| | 3-9 | 1542 | ആശിഷ് ബാബു ,മെമ്പർ | 11503101702/ 13.10.2015 |
| | 2-3 | 2500 | അസി.മാനേജർ, KSCSC | 11503102259/ 28.12.2015 |

| | | | | |
|---|---|---|---|---|
| 2001-02 | 2-1 | 180 | ശ്രീജിത്ത് എം. ഭാസ്കർ | 11503103671/ 30.3.2016 |
| 2002-03 | 2-2(1) | 30 | ഗോപിനാഥ് ഷേണായി | 11503103672/ 20.3.2016 |
| | ആകെ | 50207 | | |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-11 | 2013-14 | 6-3(,6(3)(1,2) | വാങ്ങൽ നടപടികളും, സാധനങ്ങളുടെ സമാഹരണവും സംബന്ധിച്ച്. | ഖണ്ഡികകളിലെ പരാമർശങ്ങൾ ക്കനുസൃത മായ നടപടികൾ സ്വീകരിച്ചിട്ടുണ്ട് |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2015-16 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 40770382 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51506824 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8207 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 415000 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖ ണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-3 | - | 3901 | ശ്രീ ഓംപ്രകാശ് , സെക്രട്ടറി |

.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 15000 | പഞ്ചായത്ത് കമ്മറ്റി |
| 3-4 | 400000 | ശ്രീമതി ലിസ്സിക്കുട്ടി ഫിലിപ്പ്, ഹെഡ്മിസ്ട്രസ് |
| ആകെ | 415000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| | | |
|---|---|---|
| 3-2 | 4306 | ശ്രീ ഓംപ്രകാശ് , സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ഓംപ്രകാശ്, സെക്രട്ടറി | സീനിയർ സൂപ്രണ്ട്, പെർഫോമൻസ് ഓഡിറ്റ് .യൂണിറ്റ് 5, ഡി.ഡി.പി . , ഓഫീസ്,കാക്കനാട് | ചെതന്യ,സഹൃദയ റോഡ് , ഏരൂർ , പി.ഒ., പിൻ. 682306 |
| ശ്രീമതി ലിസ്സിക്കുട്ടി ഫിലിപ്പ്, ഹെഡ് മിസ്ട്രസ്,ജി.യു. പി. എസ്., വെളിയനാട് | ഹെഡ് മിസ്ട്രസ്, ജി.യു. പി. എസ്., വെളിയനാട് | പാണ്ടിമാക്കിൽ ,ഇലഞ്ഞി,.പി.ഒ., എറണാകുളം |
| ശ്രീ.കെ.ആർ. ജയകുമാർ, പ്രസിഡന്റ് | | കാപ്പിൽ,കൈപ്പട്ടൂർ പി.ഒ., എടയ്ക്കാട്ടുവയൽ |
| ശ്രീമതി സാലി പീറ്റർ, വൈസ് പ്രസിഡന്റ് | | കുഴിയാഞ്ഞാൽ, വെളിയനാട് പി.ഒ., എടയ്ക്കാട്ടുവയൽ |
| ശ്രീമതി ലിസ്സി സണ്ണി,മെമ്പർ | | മങ്ങാട്ടുപറമ്പിൽ, എടയ്ക്കാട്ടുവയൽ |
| ശ്രീമതി കെ. സി ലീല,മെമ്പർ | | കടമനയിൽ.കൈപ്പട്ടൂർ പി.ഒ.,എടയ്ക്കാട്ടുവയൽ |
| ശ്രീമതി ലില്ലി സജി, മെമ്പർ | | കല്ലറക്കുന്നേൽ(കാരിത്തടത്തിൽ),തിരുമറയൂർ പി.ഒ. എടയ്ക്കാട്ടുവയൽ |
| ശ്രീ ഗോപി വി.എൻ,മെമ്പർ | | വാര്യംതടത്തിൽ, ചെത്തിക്കോട് പി.ഒ.,എടയ്ക്കാട്ടുവയൽ |
| ശ്രീമതി ലത രാജേന്ദ്രൻ,മെമ്പർ | | ഇടയാടിയിൽ,കൈപ്പട്ടൂർ പി.ഒ.,എടയ്ക്കാട്ടുവയൽ |
| ശ്രീമതി ജൂലിയ ജെയിംസ്,മെമ്പർ | | മാങ്കുളത്തിൽ,ആരക്കുന്നം പി.ഒ |
| ശ്രീ ജേക്കബ് പി.ടി,മെമ്പർ | | പുലിമലയിൽ,തിരുമറയൂർ പി.ഒ.,എടയ്ക്കാട്ടുവയൽ |
| ശ്രീമതി റീജ ജോർജ്,മെമ്പർ | | തടത്തിൽ,എടയ്ക്കാട്ടുവയൽ പി.ഒ. |

| | | |
|---|---|---|
| ശ്രീ എം. ആശിഷ്, മെമ്പർ | | മുല്ലശ്ശേരിൽ,വെളിയനാട് പി.ഒ.,എടയ്ക്കാട്ടുവയൽ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ /ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1992-93 | എൽ.എഫ്.ഇ.(പി3)760/95/18.2.1996 | |
| 1996-97 | എൽ.എഫ്.ഇ.(പി4)601/97/14.10.1997 | |
| 1997-98 | എൽ.എഫ്.ഇ.(പി4)1272/99 | |
| 1998-99 | എൽ.എഫ്.ഇ.(പി4)1091/2000/12.3.2003 | |
| 1999-2000 | എൽ.എഫ്.ഇ.(പി4)320/20001 | |
| 2000-01 | എൽ.എഫ്.ഇ.(പി4)1208/02/5.1.2003 | |
| 2001-02 | എൽ.എഫ്.ഇ.(പി4)1245/05/2.3.2006 | |
| 2001-02 | എൽ.എഫ്.ഇ.(പി4)1498/03/10.12.2003 | ` |
| 2002-03 | എൽ.എഫ്.ഇ.(പി4)½45/05/2.3.06 | |
| 2003-04 | എൽ.എഫ്.ഇ.(പി6)1640/09/28.5.2010 | |
| 2004-05 | എൽ.എഫ്.ഇ.(പി6)1641/09/28.5.2010 | |
| 2005-06 | എൽ.എഫ്.ഇ.(പി46)1642/09/28.5.2010 | |
| 2006-07 | എൽ.എഫ്.ഇ.(പി6)58/12/17.3.2012 | |
| 2007-08 | | |
| 2008-09 | | |
| 2009-10 | എൽ.എഫ്.ഇ.(പി6)1642/12/128.5.2010 | |
| 2010-11 | | |
| 2011-12 | എൽ.എഫ്.ഇ.(പി6)1612/13/19.11.2013 | |
| 2012-13 & 2013-14 | എൽ.എഫ്.ഇ.(പി6)1762/2014/29.12.2014 | |
| 2014-15 | എൽ.എഫ്.ഇ.(പി6) 878/2016/ 6.6.2016 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടിഡയറക്ടർ (ഹ.ഗ്രേ.)

## അനുബന്ധം-1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(പി.6)2203/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : lfadekm@gmail.com
തീയതി :24.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215, ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

# APPENDIX – I

## AUDIT CERTIFICATE

No.K.S.A.-EKM(P6)2203/2016

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682030
Phone : 0484 2422271,
E-mail : lfadekm@gmail.com
Dated: 24.12.2016

Certified that I have audited the Annual Financial Statement of Edakkattuvayal Grama Panchayath in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Edakkattuvayal Grama Panchayath for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director(H.G.)